**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1613** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പിൽ സംവരണ തത്വം പാലിക്കാതെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഹോർട്ടികോർപ്പിൽ 2015 മുതൽ സംവരണ തത്വം പാലിക്കാതെ നിയമനം നടത്തരുതെന്നും നിയമവിരുദ്ധമായി നിയമിച്ചവരെ അടിയന്തരമായി പിരിച്ചുവിടണമെന്നുമുള്ള മനുഷ്യാവകാശ കമ്മീഷന്റെ 29.5.2015ലെ ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | മനുഷ്യാവകാശ കമ്മീഷന്റെ 2015 ലെ ഉത്തരവ് വരെ ജോലി ചെയ്തവർക്കെതിരെ നടപടിയൊന്നും ശുപാർശ ചെയ്തിട്ടില്ലാത്തതുകൊണ്ട് ടി ജീവനക്കാരെ പിരിച്ചു വിടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഹോർട്ടികോർപ്പിന്റെ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സചേഞ്ച് മുഖേന നടത്തുന്നതുമായി ബന്ധപ്പെട്ട് മാനേജിംഗ് ഡയറക്ടർ നൽകിയ ഉറപ്പ് പ്രകാരം സർക്കാറിന്റെ പരിഗണനയിലുള്ള ഹോർട്ടികോർപ്പിന്റെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് ലഭിക്കുന്ന മുറയ്ക്കും നിയമന ചട്ടങ്ങൾ രൂപീകൃതമാകുന്ന മുറയ്ക്കും ജീവനക്കാരെ താത്കാലികമായും സ്ഥിരമായും എംപ്ലോയ്മെന്റ് എക്സചേഞ്ച് കെ.പി.എസ്.സി എന്നിവ മുഖേന നിയമിക്കാൻ സാധിക്കുന്നതാണ്. കർഷകർ/കർഷക സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന പച്ചക്കറികൾ തരംതിരിച്ച് വിതരണം നടത്തുന്ന ജോലികൾക്കായി സംഭരണ വിതരണ കേന്ദ്രങ്ങളിൽ അത്യാവശ്യമായി ജീവനക്കാർ വേണ്ടി വരുമ്പോൾ പ്രാദേശികമായി ദിവസവേതന വ്യവസ്ഥയിലും കരാറടിസ്ഥാനത്തിലും ജീവനക്കാരെ നിയമിക്കുന്നുണ്ട്. ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന അവസരത്തിൽ സർക്കാർ അംഗീകാരം ലഭിച്ച 9 വിഭാഗം തസ്തികകളിൽ എംപ്ലോയ്മെന്റ് എകസ്ചേഞ്ച് മുഖാന്തിരവും നിയമനം നടത്താറുണ്ട്. |
| (ബി) | ഹോർട്ടികോർപ്പിൽ സ്പെഷ്യൽ റൂൾസ് ഉണ്ടാകുന്നതുവരെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ നിയമനം നടത്തുകയുള്ളൂ എന്ന് ഹോർട്ടികോർപ്പ് എം.ഡി. മനുഷ്യാവകാശ കമ്മീഷന് രേഖാമൂലം ഉറപ്പ് നൽകിയിരുന്നോയെന്നും ഇത് പാലിക്കാതെ 2015ന് ശേഷവും സംവരണതത്വം പാലിക്കാതെ നിയമനം നടത്തിയിട്ടുണ്ടോയെന്നും എങ്കിൽ ആയതിനുള്ള കാരണവും വ്യക്തമാക്കുമോ; | (ബി) | മനുഷ്യാവകാശ കമ്മീഷന്റെ 2015 ലെ ഉത്തരവ് വരെ ജോലി ചെയ്തവർക്കെതിരെ നടപടിയൊന്നും ശുപാർശ ചെയ്തിട്ടില്ലാത്തതുകൊണ്ട് ടി ജീവനക്കാരെ പിരിച്ചു വിടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഹോർട്ടികോർപ്പിന്റെ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സചേഞ്ച് മുഖേന നടത്തുന്നതുമായി ബന്ധപ്പെട്ട് മാനേജിംഗ് ഡയറക്ടർ നൽകിയ ഉറപ്പ് പ്രകാരം സർക്കാറിന്റെ പരിഗണനയിലുള്ള ഹോർട്ടികോർപ്പിന്റെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് |

| | | | |
|---|---|---|---|
| | | | ലഭിക്കുന്ന മുറയ്ക്കും നിയമന ചട്ടങ്ങൾ രൂപീകൃതമാകുന്ന മുറയ്ക്കും ജീവനക്കാരെ താത്കാലികമായും സ്ഥിരമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കെ.പി.എസ്.സി എന്നിവ മുഖേന നിയമിക്കാൻ സാധിക്കുന്നതാണ്. കർഷകർ/കർഷക സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന പച്ചക്കറികൾ തരംതിരിച്ച് വിതരണം നടത്തുന്ന ജോലികൾക്കായി സംഭരണ വിതരണ കേന്ദ്രങ്ങളിൽ അത്യാവശ്യമായി ജീവനക്കാർ വേണ്ടി വരുമ്പോൾ പ്രാദേശികമായി ദിവസവേതന വ്യവസ്ഥയിലും കരാറടിസ്ഥാനത്തിലും ജീവനക്കാരെ നിയമിക്കുന്നുണ്ട്. ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന അവസരത്തിൽ സർക്കാർ അംഗീകാരം ലഭിച്ച 9 വിഭാഗം തസ്തികകളിൽ എംപ്ലോയ്മെന്റ് എകസ്ചേഞ്ച് മുഖാന്തിരവും നിയമനം നടത്താറുണ്ട്. |
| (സി) | 6.5.2015 ലെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസറുടെ ഇ1/2207/15 നമ്പർ കത്തിലെ നിർദ്ദേശപ്രകാരം എന്തൊക്കെ നടപടികളാണ് ഹോർട്ടികോർപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസറുടെ നിർദ്ദേശം ഹോർട്ടികോർപ്പിന്റെ സജീവ പരിഗണനയിലാണ്. ഹോർട്ടികോർപ്പിന്റെ സ്റ്റാഫ് പാറ്റേൺ സർക്കാർ പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ തീരുമാനമുണ്ടാകുന്ന മുറയ്ക്ക് നിയമന ചട്ടങ്ങൾ രൂപീകരിക്കുന്നതും ആയതുപ്രകാരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസറുടെ നിർദ്ദേശങ്ങളിന്മേൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഡി) | 2015 മുതൽ നാളിതുവരെ ഹോർട്ടികോർപ്പിൽ വിവിധ വിഭാഗങ്ങളിലായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ? | (ഡി) | ഹോർട്ടികോർപ്പിന്റെ സ്റ്റാഫ് പാറ്റേൺ അംഗീകരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കർഷകർ/കർഷക സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന പച്ചക്കറികൾ തരംതിരിച്ച് വിതരണം നടത്തുന്ന ജോലികൾക്കായി സംഭരണ വിതരണ കേന്ദ്രങ്ങളിൽ അത്യാവശ്യമായി ജീവനക്കാർ വേണ്ടി വരുമ്പോൾ പ്രാദേശികമായി ദിവസവേതന വ്യവസ്ഥയിലും കരാറടിസ്ഥാനത്തിലും ജീവനക്കാരെ നിയമിക്കുന്നുണ്ട്. ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന അവസരത്തിൽ സർക്കാർ അംഗീകാരം ലഭിച്ച 9 വിഭാഗം തസ്തികകളിൽ എംപ്ലോയ്മെന്റ് എകസ്ചേഞ്ച് മുഖാന്തിരവും നിയമനം നടത്താറുണ്ട്. 2015 മുതൽ നാളിതുവരെ നിമയമിച്ചുവരുന്ന താത്കാലിക ജീവനക്കാർക്ക് ആർക്കും സ്ഥിരം നിയമനം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ